# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കാസർകോട്

മെയ് 02

MAY 02

2019

*1194 മേടം 18 , വ്യാഴം*

## പത്രക്കുറിപ്പ്-1

www.prd.kerala.gov.in dioksgd@gmail.com ഫോൺ 04994 255145


### വിശപ്പിന് വിട; മധുരം പ്രഭാതം പദ്ധതി

### ജൂൺ മൂന്നിന് ആരംഭിക്കും

മലയോര, തീരദേശ, പിന്നോക്ക മേഖലയിലെ സ്കൂൾ കുട്ടികളുടെ ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിനു സംസ്ഥാന ശിശുക്ഷേമ സമിതിയുടെ സ്പോൺസർ എ ചൈൽഡ് പദ്ധതിയുടെ ഭാഗമായുള്ള മധുരം പ്രഭാതം പദ്ധതി ജൂൺ മൂന്നിന് ജില്ലയിൽ ആരംഭിക്കും. മധുരം പ്രഭാതം പദ്ധതിയുമായി ബന്ധപ്പെട്ടു ജില്ലാ കളക്ടർ ഡോ.ഡി സജിത് ബാബുവിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റ് ചേംബറിൽ ചേർന്ന യോഗത്തിലാണു തീരുമാനമായത്.

ജില്ലയിലെ പിന്നോക്ക പ്രദേശങ്ങളിലെ കുട്ടികളിൽ പലരും രാവിലെ പ്രഭാത ഭക്ഷണം കഴിക്കാതെയാണു സ്കൂളിൽ വരുന്നതെന്നു ശിശുക്ഷേമ സമിതി കണ്ടെത്തിയിരുന്നു. പിന്നോക്ക മേഖലകളിൽ തലേ ദിവസം ഉച്ചയ്ക്കോ രാത്രിയോ ഭക്ഷണം കഴിക്കുന്ന കുട്ടിക്ക് അടുത്ത ദിവസം ഉച്ചയ്ക്കു സ്കൂളിൽ നിന്നും ലഭിക്കുന്ന ഉച്ചഭക്ഷണം മാത്രമാണ് ഏക ആശ്രയം. ഇതു കുട്ടികളുടെ ആരോഗ്യത്തെയും വിദ്യാഭ്യാസത്തെയും ദോഷകരമായി ബാധിക്കുന്നു. ഇത്തരം കുട്ടികൾക്കു വേണ്ടിയാണു മധുരം പ്രഭാതം പദ്ധതി നടപ്പിലാക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഹോട്ടൽ ആന്റ് റസ്റ്റോറന്റ്

അസോസിയേഷൻ, സുമനസ്സുകൾ എന്നിവരുടെ സഹായത്തോടെയാണു പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഗുണഭോക്താക്കളായ 1581 കുട്ടികളെ അതാത് സ്കൂൾ അധ്യാപകരുടെ സഹായത്തോടെ കണ്ടെത്തി.

പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട്, വിദ്യാഭ്യാസ ഉപഡയരക്ടറുടെയും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും അടിയന്തര യോഗം മെയ് എട്ടിന് കളക്ടറേറ്റിൽ ചേരും.യോഗത്തിൽ നൂൺ ഫീഡിങ്ങ് സൂപ്പർവൈസർ വിശ്വനാഥ്, ശിശുസംരക്ഷണ ഓഫീസർ പി ബിജു, ജില്ലാ ശിശു ക്ഷേമ സമിതി സെക്രട്ടറി മധു മുതിയക്കാൽ, കളക്ടേഴ്സ് ഇൻന്റേൺ ശ്രീഖ, തണൽ കോഡിനേറ്റർ ബി വൈശാഖ് എന്നിവർ പങ്കെടുത്തു.

## ബ്ലോക്ക്-നഗരസഭ 'പെൻസിൽ' ക്യാമ്പുകൾക്ക് തുടക്കമായി

'ആരോഗ്യ രക്ഷയ്ക്ക് മാലിന്യമുക്ത പരിസരം' എന്ന കാമ്പയിനിന്റെ ഭാഗമായി ഹരിത കേരളം മിഷൻ, കില, കുടുംബശ്രീ, ശുചിത്വ മിഷൻ, ആരോഗ്യ വകുപ്പ് എന്നിവ സംയുക്തമായി കുട്ടികൾക്കായി അവധിക്കാല ക്യാമ്പ് സംഘടിപ്പിക്കുന്നു. ക്യാമ്പിനു നേതൃത്വം കൊടുക്കുന്ന പരിശീലകർക്കുള്ള പരിശീലനത്തിന്റെ ബ്ലോക്ക്തല ക്യാമ്പുകൾക്കു പരപ്പ ബ്ലോക്കിൽ കിനാനൂർ കരിന്തളം സി.ഡി.എസ് ഹാളിലും, കാഞ്ഞങ്ങാട് ബ്ലോക്കിൽ പള്ളിക്കര ഗ്രാമ പഞ്ചായത്ത് ഹാളിലും തുടക്കമായി.

മേയ് 4-5 തീയതികളിലായി കാറഡുക്ക ബ്ലോക്കിലെ കുമ്പഡാജെ, ബെള്ളൂർ, കാറഡുക്ക, മുളിയാർ എന്നീ പഞ്ചായത്തുകൾക്കും മേയ് 6-7 തീയതികളിൽ ബേഡഡുക്ക, കുറ്റിക്കോൽ, ദേലംപാടി എന്നീ പഞ്ചായത്തുകൾക്കും ബോവിക്കാനം സൗപർണിക ഓഡിറ്റോറിയത്തിലും ക്യാമ്പുകൾ സംഘടിപ്പിക്കും. കാസർകോട് ബ്ലോക്കിലെ മധൂർ, കുമ്പള, ബദിയടുക്ക പഞ്ചായത്തുകൾക്കായി മേയ് 6-7 തീയതികളിലും ചെമ്മനാട്, മൊഗ്രാൽപുത്തൂർ, ചെങ്കള പഞ്ചായത്തുകൾക്കായി മേയ് 8-9 തീയതികളിൽ മധൂർ കമ്മ്യൂണിറ്റി ഹാളിൽ ക്യാമ്പുകൾ സംഘടിപ്പിക്കും. കാഞ്ഞങ്ങാട് ബ്ലോക്കിലെ ഉദുമ, പുല്ലൂർ പെരിയ, മടിക്കൈ പഞ്ചായത്തുകൾക്കായി മേയ് 6-7 തീയതികളിലായി പള്ളിക്കര ഗ്രാമ പഞ്ചായത്ത് ഹാളിലും നീലേശ്വരം ബ്ലോക്കിലെ തൃക്കരിപ്പൂർ, വലിയപറമ്പ, പടന്ന പഞ്ചായത്തുകൾക്കുള്ള പരിശീലനം മേയ് 6-7 തീയതികളിലും ചെറുവത്തൂർ, കയ്യൂർ ചീമേനി, പിലിക്കോട് പഞ്ചായത്തുകൾക്കുള്ള പരിശീലനം മേയ് 8-9 തീയതികളിലും ചെറുവത്തൂർ ഗ്രാമ പഞ്ചായത്ത് ഹാളിൽ നടക്കും.

പരപ്പ ബ്ലോക്കിലെ കോടോംബേള്ളൂർ, പനത്തടി, കള്ളാർ, ബളാൽ പഞ്ചായത്തുകൾക്കുള്ള പരിശീലനം മേയ് 8-9 തീയതികളിൽ അട്ടേങ്കാനം ജി.യു.പി. സ്കൂളിലും നടക്കും. നീലേശ്വരം നഗരസഭ ക്യാമ്പ് പേരോൽ ജി.എൽ.പി.സ്കൂളിലും കാസർകോട് നഗരസഭയിലെ ക്യാമ്പ് കാസർകോട് നഗരസഭ ഹാളിൽ മേയ് 3-4

തീയതികളിലും കാഞ്ഞങ്ങാട് നഗരസഭയിലെ ക്യാമ്പ് മേയ് 6-7 തീയതികളിൽ ടൗൺ ഹാളിലും നടക്കും.

## കുട്ടികളുടെ അന്താരാഷ്ട്ര ചലച്ചിത്ര മേള: മേയ് 7 വരെ ഓൺലൈൻ രജിസ്ട്രേഷൻ

കുട്ടികൾക്ക് ആസ്വാദനത്തിന്റെ വിരുന്നൊരുക്കാൻ രണ്ടാമത് അന്താരാഷ്ട്ര ചലച്ചിത്രോത്സവം മേയ് പത്തിന് തിരുവനന്തപുരത്ത് ടാഗോർ ഓഡിറ്റോറിയത്തിൽ ആരംഭിക്കും. കേരള ചലച്ചിത്ര അക്കാദമിയുടെയും ചലച്ചിത്ര വികസന കോർപറേഷന്റെയും സംസ്ഥാന ശിശുക്ഷേമ സമിതിയുടെയും സംയുക്താഭിമുഖ്യത്തിലാണ് മേള സംഘടിപ്പിക്കുന്നത്. ചലച്ചിത്രേത്സവത്തിൽ പങ്കെ ടുക്കാൻ മേയ് ഏഴുവരെ www.icffk.com എന്ന വെബ്സൈറ്റ് വഴി ഓൺലൈൺ രജിസ്ട്രേഷൻ നടത്താം. ജനറൽ കാറ്റഗറിയിൽപ്പെട്ട കുട്ടികൾക്കു 500 രൂപയാണു ഫീസ്. പട്ടിക വർഗത്തിൽപ്പെട്ട കുട്ടികൾക്കു പ്രവേശനം സൗജന്യമാണ്. എല്ലാ ദിവസവും വൈകുന്നേരം പൊതുജനത്തിനായി സൗജന്യ പ്രദർശനം ഉണ്ടാകും. ശിശുക്ഷേമ സമിതി മുഖാന്തരം പങ്കെടുക്കുന്ന കുട്ടികൾക്കു യാത്ര, താമസം, ഭക്ഷണം എന്നിവ സൗജന്യമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക്: 7736848629, 9447792335, 9447649957 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

## ഒന്നാംഘട്ട പ്രവേശനം

സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ മികച്ച സ്ഥാപനമായ ചെറുവത്തൂർ ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്ക്കൂളിലെ എട്ടാം ക്ലാസിലേക്കുള്ള ഒന്നാംഘട്ട പ്രവേശനം 13,14,15 തിയതികളിൽ നടക്കും. ഫോൺ:- 04672260210, 9400006497.

## ഗസ്റ്റ് അധ്യാപക നിയമനം

പെരിയ ഗവർമെന്റ് പോളിടെക്നിക്ക് കോളേജിൽ കമ്പ്യൂട്ടർ, സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ചുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ ഗസ്റ്റ് അധ്യാപകരെ നിയമിക്കും. ബന്ധപ്പെട്ട എഞ്ചിനീയറിംഗ് വിഷയങ്ങളിൽ അറുപത് ശതമാനത്തിൽ കുറയാതെ നേടിയ ബിരുദമാണ് അടിസ്ഥാന യോഗ്യത. താത്പര്യമുള്ള ഉദ്യാഗാർത്ഥികൾ ബയോഡാറ്റ, അസൽ സർട്ടിഫിക്കറ്റുകൾ, സർട്ടിഫിക്കറ്റുകളുടെ പകർപ്പ് എന്നിവ സഹിതം മേയ് 16 ന് രാവിലെ പത്തിനു പെരിയയിലുള്ള പോളിടെക്നിക്ക് കോളേജ് ഓഫീസിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 0467-2234020

## സീറ്റ് ഒഴിവ്

വെള്ളിക്കോത്ത് ഇൻസ്റ്റിട്ട്യൂട്ടിൽ ആരംഭിക്കാൻ പോകുന്ന ഇലക്ട്രിക്കൽ മോട്ടോർ റീവൈൻഡിങ് ആൻഡ് ഹോം അപ്ലൈയൻസസ് സർവീസിങ് കോഴ്സിലേക്ക് ഏതാനും സീറ്റ് ഒഴിവുകൾ ഉണ്ട്. താല്പര്യമുള്ളവർ ഉടൻ ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾക്ക് 0467 2268240.

## തൊഴിൽ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു

ഫിഷറീസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമൺ(സാഫ്) ന്റെ ആഭിമുഖ്യത്തിൽ ജില്ലയിലെ മൽസ്യ ത്തൊഴിലാളി കുടുംബത്തിലെ അഭ്യസ്തവിദ്യരായ വനിതകൾക്കു വിദഗ്ധ തൊഴിൽ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ പത്താം ക്ലാസ് പാസായവരും 18 നും 35 വയസിനും ഇടയ്ക്ക് പ്രായമുള്ളവരും ആയിരിക്കണം. രണ്ടു മാസത്തെ കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സ്റ്റൈപ്പന്റ് നൽകും. അപേ ക്ഷഫോം കാഞ്ഞങ്ങാട് മീനാപ്പീസിലുള്ള ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തി ലുള്ള സാഫിന്റെ നോഡൽ ഓഫീസിൽ നിന്നു നേരിട്ടു കൈപ്പറ്റാം. പൂരിപ്പിച്ച അപേ ക്ഷ മേയ് ആറിനകം സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് - 9605875209

## ഇ- ടെണ്ടർ ക്ഷണിച്ചു

കാസർകോട് ബ്ലോക്ക് പഞ്ചായത്ത് പ്രകൃതിക്ഷോഭം കാലവർഷകെടുതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന സിവിൽ പ്രവൃത്തികൾ നിശ്ചിത സമയപരിധിക്കുള്ളിൽ ഏറ്റെടുത്തു നടത്തുന്നതിന് അംഗീകൃത കാരറുകാരിൽ നിന്നും ഇ-ടെണ്ടർ ക്ഷണിച്ചു. ഇ-ടെണ്ടറുകൾ ഓൺലൈനായി മെയ് ഒൻപതിന് വൈകുന്നേരം ആറു വരെ സമർപ്പി ക്കാം. ഒറിജിനൽ പ്രമാണങ്ങൾ സ്പീഡ്/രജിസ്റ്റേഡ് തപാൽ വഴി മെയ് 15 ന് ഉച്ചയ്ക്ക് ഒന്നുവരെ സ്വീകരിക്കും.വിശദവിവരങ്ങൾ കാസർകോട് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നും www.etenders.kerala.gov.in. വെബ്സൈറ്റിൽ നിന്നും അറിയാം.

## പ്രോജക്ട് മാനേജർ ഒഴിവിലേക്ക് അപേക്ഷിക്കാം

കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ സഹകരണ ത്തോടെ നെഹ്റു യുവകേന്ദ്ര നടത്തുന്ന സുരക്ഷ പ്രോജെക്ടിൽ മാനേജർ, ഔട്ട് റീച്ച് വർക്കർ എന്നീ ഒഴിവുകളിലേക്ക് അപേക്ഷിക്കാം. എം.എസ്.ഡബ്യൂ/എംപി എച്ച്/എംബിഎ/എംഎ സോഷ്യോളജിയും ആണ് പ്രൊജക്ട് മാനേജറുടെ യോഗ്യ ത.പ്രൊജക്ട് മാനേജറുടെ തസ്തികയ്ക്ക് മൂന്നു വർഷത്തെ പ്രവൃത്തി പരിചയം അഭികാമ്യം. പ്ലസ്ടു യോഗ്യതയുള്ളവർക്ക് ഔട്ട് റീച്ച് വർക്കർ തസ്തികയ്ക്ക് അപേ ക്ഷിക്കാം. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ ബയോഡാറ്റ മേയ് 10 നകം

nyksuraksha @yahoo.co.in എന്ന മെയിൽ വിലാസത്തിൽ അയ്ക്കുകയോ കാസർകോട് സിവിൽ സ്റ്റേഷനിലുള്ള നെഹ്റു യുവകേന്ദ്ര ജില്ല യൂത്ത് കോഡിനേറ്ററുടെ ഓഫീസിലെത്തിക്കുകയോ വേണം. കൂടുതൽ വിവരങ്ങൾക്ക് 9995201058.

## സൗജന്യ രജിസ്ട്രേഷൻ ക്യാമ്പ്

കേരള വനം വകുപ്പിന്റെ കീഴിൽ പരപ്പ ഗവർമെന്റ് ടിമ്പർ ഡിപ്പോയിൽ നിന്നും തേക്ക് തടികളും തേക്ക് കഴകളും, അക്കേഷ്യ, മറ്റു വിവിധയിനം തടികളും മേയ് 21 ന് ഇ-ലേലം വഴി വിൽപന നടത്തും. ഇ-ലേലത്തിൽ പങ്കെടുക്കുന്നതിനുള്ള സൗജന്യ രജിസ്ട്രേഷൻ മേയ് ഏഴിനു പരപ്പ ഡിപ്പോയിൽ നടത്തും.മറയൂർ ചന്ദനം ചില്ലറ വിൽപന എല്ലാ ദിവസവും ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് –8547602862, 8547602863.

## യൂണിറ്റുകൾ തുടങ്ങുന്നതിന് അപേക്ഷകൾ ക്ഷണിച്ചു

ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമൺ (സാഫ്) മുഖാന്തിരം തീരമൈത്രി പദ്ധതിയുടെ കീഴിൽ സൂക്ഷമ തൊഴിൽ സംരംഭങ്ങളുടെ യൂണിറ്റ് തുടങ്ങുന്നതിനു മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകൾ അടങ്ങുന്ന ഗ്രൂപ്പുകളിൽ നിന്നും അപേക്ഷ കഷണിച്ചു. ഒരു അംഗത്തിന് പരമാവധി 75,000 രൂപവരെയും നാലു പേരടങ്ങുന്ന ഒരു ഗ്രൂപ്പിനു പരമാവധി 3 ലക്ഷം രൂപവരേയും ഈ പദ്ധതിയിൽ തിരിച്ചടക്കാത്ത ഗ്രാന്റായി ലഭിക്കും. അപേക്ഷാ ഫോറം അതത് ജില്ലകളിലെ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ നിന്നും വിതരണം ചെയ്യും. പൂരിപ്പിച്ച അപേക്ഷ മേയ് ആറിനകം സമർപ്പിക്കണം. അപേക്ഷകർ മത്സ്യഗ്രാമങ്ങളിലെ സ്ഥിരതാമസക്കാരോ, യഥാർഥ മത്സ്യത്തൊഴിലാളിയുടെ ആശ്രിതരോ പരമ്പരാഗതമായി മത്സ്യക്കച്ചവടം അനുവർത്തിച്ച് വരുന്നവരോ ആയ 20 നും 50 നും ഇടയ്ക്ക് പ്രായമുള്ള രണ്ടു മുതൽ നാലുപേരിൽ കൂടാത്ത വനിതകളുടെ ഗ്രൂപ്പായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് നോഡൽ ഓഫിസർ, സാഫ്,കാസർകോട് .ഫോൺ നമ്പർ : 9605875209,8891812924

**(അവസാനിച്ചു)**